പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3260 20.06.2014- ൽ മറുപടിക്ക്

അനാഥാലയങ്ങളുടെ പ്രവർത്തനം

ചോദ്യം

ശ്രീ. രാജു എബ്രഹാം

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | രജിസ്ട്രേഷനോടുകൂടി പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ലയുടെ പേര് | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 166 |
| 2 | കൊല്ലം | 82 |
| 3 | പത്തനംതിട്ട | 82 |
| 4 | ആലപ്പുഴ | 81 |
| 5 | കോട്ടയം | 201 |
| 6 | ഇടുക്കി | 121 |
| 7 | എറണാകുളം | 344 |
| 8 | തൃശ്ശൂർ | 249 |
| 9 | പാലക്കാട് | 133 |
| 10 | മലപ്പുറം | 120 |
| 11 | കോഴിക്കോട് | 106 |
| 12 | വയനാട് | 75 |
| 13 | കണ്ണൂർ | 144 |
| 14 | കാസർഗോഡ് | 57 |
| ആകെ | | **1961** |

| | | | |
|---|---|---|---|
| (ബി) | രജിസ്ട്രേഷനോടുകൂടി പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്ക് സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | ഓർഫനേജ് കൺട്രോൾ ബോർഡ് രജിസ്ട്രേഷനോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് ലഭിക്കണമെങ്കിൽ ഗ്രാന്റ് ഇൻ എയ്ഡ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിച്ച് സർക്കാരിൽ നിന്ന് അനുമതി വാങ്ങണം. ഇപ്രകാരം ഗ്രാന്റ് ഇൻ എയ്ഡിൽ ഉൾപ്പെടുത്തിയ 1235 സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇപ്രകാരമുള്ള സ്ഥാപനങ്ങൾക്ക് സർക്കാർ ഒരു അന്തേവാസിക്ക് മാസം 700/- രൂപ പ്രകാരം ഗ്രാന്റ് നൽകുന്നുണ്ട്. |
| (സി) | അനാഥാലയങ്ങളിൽ ആർക്കൊക്കെയാണ് പ്രവേശനം നൽകുന്നതെന്നും ഇതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോയെന്നും അറിയിക്കുമോ; ഈ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്ത് സംവിധാനമാണ് സർക്കാരിനുള്ളത് ; | (സി) | അനാഥാലയങ്ങളിൽ നിലവിൽ 21 വയസ്സിൽ താഴെയുള്ള കുട്ടികളെയാണ് പ്രവേശിപ്പിച്ച് വരുന്നത്. വില്ലേജ് ഓഫീസർ നൽകുന്ന ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റാണ് മാനദണ്ഡം. ഗ്രാമപ്രദേശങ്ങളിൽ 34,000/- രൂപയും നഗരപ്രദേശങ്ങളിൽ 38,000/- രൂപയുമാണ് ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റിന് മാനദണ്ഡമാക്കിയിട്ടുള്ളത്. അന്യ സംസ്ഥാനക്കാരായ കുട്ടികളെ കൊണ്ടുവന്ന് താമസിപ്പിക്കുന്ന കാര്യത്തിൽ അതാത് സർക്കാരിന്റെ ശുപാർശ സഹിതം കൺട്രോൾ ബോർഡിന്റെ മുൻകൂർ അനുമതി വാങ്ങണമെന്നുണ്ട്. ഈ നിയമം പ്രാബല്യത്തിൽ വന്നത് 22.06.2013 ലാണ്. നിലവിൽ സ്ഥാപനത്തിലുള്ള കുട്ടികളുടെ കാര്യത്തിൽ 6 മാസത്തെ കാലാവധി നൽകിയിരുന്നു. സ്ഥാപനങ്ങൾ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ സ്ഥാപന പരിശോധനയിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ഡി) | വിവിധ പ്രായത്തിലുള്ളവരെ ഒരേ സ്ഥാപനത്തിൽ പ്രവേശനം നൽകിയാൽ ഇവരുടെ സംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | (ഡി) | വിവിധ പ്രായത്തിലുള്ളവരെ ഒരേ സ്ഥാപനത്തിൽ പ്രവേശിപ്പിക്കുവാൻ അനുവദിക്കാറില്ല. എന്നാൽ സൗകര്യമുള്ള സ്ഥാപനങ്ങൾ ഒന്നിൽ കൂടുതൽ വിഭാഗങ്ങളെ പ്രവേശിപ്പിക്കുന്നതിന് പ്രത്യേകം അംഗീകാരം വാങ്ങാറുണ്ട്. |

| | | | |
|---|---|---|---|
| | | | ഓരോ വിഭാഗങ്ങൾക്കും പ്രത്യേകം പ്രത്യേകം ഉള്ള സംരക്ഷണ സംവിധാനം പരിശോധിച്ചിട്ടാണ് അംഗീകാരം നൽകുന്നത്. |
| (ഇ) | ഇവർക്ക് പോഷകാഹാരം നൽകുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | (ഇ) | നിലവിൽ ഇവർക്കുള്ള ആഹാരം ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ യുക്താനുസരണം ആണ് നൽകിവരുന്നത്. ഇതിന് മിനിമം സ്റ്റാൻഡേർഡ് നിശ്ചയിച്ചുകൊണ്ട് റഗുലേഷനിൽ മാറ്റം വരുത്താനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. |
| (എഫ്) | രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന ഏതെങ്കിലും സ്ഥാപനങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഇവയ്ക്കെതിരെ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു? | (എഫ്) | രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ച് 10.06.2013 ൽ നടത്തിയ റിവ്യൂവിൽ ലഭിച്ച സ്ഥാപനങ്ങളുടെ എണ്ണം 31 ആണ്. ഈ സ്ഥാപനങ്ങളെക്കുറിച്ച് ഓർഫനേജ് കൺട്രോൾ ബോർഡ് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ